**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :<br><br>1. ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായ കരിക്കുലം ചട്ടക്കൂട് ബിരുദതലത്തിൽ ആവിഷ്കരിച്ചു.<br>2. വിദ്യാർത്ഥികളുടെ അക്കാദമിക് മൊബിലിറ്റി സാധ്യമാക്കുന്നതിന് സർവ്വകലാശാലാ റെഗുലേഷനുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു.<br>3. വിവിധ സർവ്വകലാശാലകളുടെ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി ആരംഭിച്ചു.<br>4. സർവ്വകലാശാലകളുടെയും/ കോളേജുകളുടെയും റാങ്കിംഗ്/ അക്രഡിറ്റേഷൻ നിലവാരം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>5. ഉന്നത വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രവൽക്കരണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തി.<br>6. അന്തർ സർവകലാശാല മാറ്റം സുഗമമാക്കുന്നതിന് ക്രെഡിറ്റ് ബാങ്ക് അടക്കമുള്ള സംവിധാനങ്ങൾ സർവകലാശാലകളിൽ നടപ്പിലാക്കി വരുന്നു.<br>7. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിലെ സ്ഥാപനങ്ങളിൽ തുടർപഠനം നടത്താനും ക്രെഡിറ്റ് ട്രാൻസ്ഫർ നടത്താനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 8. വിദേശ അക്കാദമിക പണ്ഡിതർക്കായുള്ള എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പദ്ധതി ആവിഷ്കരിച്ചു.<br>9. പ്രവാസികളായ മലയാളി അക്കാദമിക് പണ്ഡിതരെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന ബ്രെയിൻ ഗെയിൻ പദ്ധതി ആവിഷ്കരിച്ചു.<br>10. സർവ്വകലാശാലകളിലെ ഗവേഷണ പ്രോൽസാഹനത്തിന് സെൻറർ ഓഫ് എക്സലൻസ് (CoE) ഉം ട്രാൻസിലേഷണൽ റിസർച്ച് സെൻറർ (TRC) ഉം ആരംഭിക്കാൻ നടപടി സ്വീകരിച്ചു.<br>11. ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾക്കുമായും വിദേശ സന്ദർശനം നടത്തുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br>12. സർവകലാശാലകളുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രങ്ങൾ മുഖേന വിദ്യാർത്ഥികൾക്ക് സംരംഭങ്ങൾ തുടങ്ങുവാനുള്ള അവസരം നൽകുന്നു.<br>13. സർവകലാശാലകളിലേക്ക് വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ള കോഴ്സുകളും അക്കാദമിക പ്രവർത്തനങ്ങളും ആവിഷ്കരിച്ചു.<br>14. വിദേശ സർവ്വകലാശാലകളുമായുള്ള ധാരണ പത്രങ്ങൾ ഒപ്പുവയ്ക്കുന്നതിന് നടപടി സ്വീകരിച്ചു.<br>15. വിദേശ വിദ്യാർത്ഥികൾക്കായുള്ള ഹ്രസ്വകാല കോഴ്സുകൾ ആവിഷ്കരിച്ചു.<br>16. തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (Industry on Campus) പദ്ധതി നടപ്പിലാക്കിവരുന്നു.<br>17. വിദേശ വിദ്യാർത്ഥികൾക്കായി അന്താരാഷ്ട്ര ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>18. വിവിധ സർവകലാശാലകളിലും സ്ഥാപനങ്ങളിലുമായി കിഫ്ബി, സംസ്ഥാന പ്ലാൻ, റൂസ ഫണ്ടുകൾ ഉപയോഗിച്ച് പശ്ചാത്തല സൗകര്യവികസനം നടത്തി. |
| (ബി) | ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്ന സാഹചര്യം | (ബി) | ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തേക്ക് |

ഒഴിവാക്കുന്നതിനായി എല്ലാ വിഭാഗങ്ങളിലും റിസർച്ചിനുൾപ്പെടെ സൗകര്യമുള്ള സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലും ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പോകുന്നത് ഒരു ആഗോളപ്രതിഭാസമാണ്. ഗവേഷണ സൗകര്യങ്ങളുടെ വർധനവിലൂടെയും ഉന്നതവിദ്യാഭ്യാസത്തിന്റെ സമഗ്രപരിഷ്കരണത്തിലൂടെയും വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP)കരിക്കുലം ബിരുദതലത്തിൽ നടപ്പിലാക്കുന്നു.
2. സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ കോഴ്സുകൾ ആരംഭിച്ചു. എല്ലാ സർവകലാശാലാ കാമ്പസുകളിലും നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചു. ഇതോടെ ബിരുദ തലത്തിൽ നൈപുണ്യ വികസനത്തിനും ഗവേഷണ നൈപുണിയ്ക്കും പ്രാധാന്യം കൈവരും.
3. എയിഡഡ്/അൺഎയിഡഡ് മേഖലയിൽ നവീന കോഴ്സുകൾ ഉൾപ്പെടുത്തി പുതിയ കോളേജുകൾ ആരംഭിച്ചു.
4. സർവ്വകലാശാലകളിലും കോളേജുകളിലും പൊതു അക്കാദമിക് പരീക്ഷാ കലണ്ടർ നടപ്പിലാക്കിവരുന്നു.
5. സർവ്വകലാശാലകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേരളാ റിസോഴ്സ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് അഥവാ K-REAP പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
6. നാലുവർഷ ബിരുദ പദ്ധതി (FYUGP) നടപ്പിലാക്കുന്നതോടുകൂടി ഗവേഷണം ബിരുദതല വിദ്യാഭ്യാസത്തിന്റെ ഭാഗമായിമാറുന്നു.
7. നാല് വർഷ ഓണേഴ്സ് ബിരുദക്കാർക്ക് ഒരു വർഷം കൊണ്ട് പി.ജി, നേരിട്ട് PhD ഗവേഷണം, UGC NET പരീക്ഷ എന്നീ സൗകര്യങ്ങൾ ലഭ്യമാകും.
8. നൈപുണി കോഴ്സുകൾ (skill courses) Internship, apprenticeship/project എന്നീ ഘടകങ്ങൾ ബിരുദതല വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി മാറുന്നു.
9. ഏൺ വൈൽ യു ലേൺ, കണക്ട് കരീയർ ടു കാമ്പസ്, ഇൻഡസ്ട്രി ഓൺ കാമ്പസ് എന്നീ പദ്ധതികളിലൂടെ വിദ്യാഭ്യാസവും തൊഴിലും

| | | | |
|---|---|---|---|
| | | | തമ്മിലുള്ള വിടവ് പരിഹരിക്കുന്നതിനും പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയം വളർത്തുന്നതിനും നടപടി സ്വീകരിച്ചു.<br>10. സർവ്വകലാശാലകളിലെ ഗവേഷണ പ്രോൽസാഹനത്തിന് സെൻറർ ഓഫ് എക്സലൻസ് (CoE) ഉം ട്രാൻസിലേഷണൽ റിസർച്ച് സെന്റർ (TRC) ഉം ആരംഭിക്കാൻ നടപടി സ്വീകരിച്ചു.<br>11. ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ, ഇൻക്യൂബേഷൻ സെൻററുകൾ, സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ എന്നിവ ആരംഭിയ്ക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ സംരഭകത്വം വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിച്ച് ഇൻറ്റേൺഷിപ്പിനുള്ള സൗകര്യങ്ങളും വർധിപ്പിയ്ക്കും.<br>12. ഗവേഷണ പ്രോത്സാഹനത്തിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് (PDF) കൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ